# കേരള സർവകലാശാല

നം.പി.ആർ.270/2018 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### വൈവാവോസി

എം.ഫിൽ ലിംഗ്വിസ്റ്റിക്സ് ആന്റ് കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ് പരീക്ഷയുടെ വൈവാവോസി ഡിസംബർ 17 ന് രാവിലെ 10.30 മണിക്ക് ലിംഗ്വിസ്റ്റിക്സ് വിഭാഗത്തിൽ നടത്തും.

### പ്രാക്ടിക്കൽ

2018 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 17, 18 തീയതികളിൽ അതതു കോളേജുകളിൽ വച്ചും എം.എസ്.സി മാത്തമാറ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 14 മുതലും ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### അപേക്ഷ ക്ഷണിക്കുന്നു

വിദൂര വിദ്യാഭ്യാസ കേന്ദ്രം 2018 – 19 ൽ നടത്തുന്ന യു.ജി.സി – നെറ്റ് പരിശീലനത്തിനായി എസ്.ഡി.ഇ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളിൽ പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ എസ്.ഡി.ഇ വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 20.

### ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താം

നിയമ ബിരുദ കോഴ്സുകളുടെ എല്ലാ സെമസ്റ്ററുകളുടെയും (Odd & Even) ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് 2014 അഡ്മിഷൻ വരെയുള്ള ത്രിവത്സര നിയമ വിദ്യാർത്ഥികൾക്കും 2012 അഡ്മിഷൻ വരെയുള്ള പഞ്ചവത്സര നിയമ വിദ്യാർത്ഥികൾക്കും കോഴ്സ് പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞവർക്കും, ഇന്റേണൽ മാർക്ക് പത്തിൽ കുറവുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. ഒരു സെമസ്റ്ററിലേക്ക് ഒരു പ്രാവശ്യം മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ.

ഒരു പേപ്പറിന് 500 രൂപ നിരക്കിൽ ഒരു സെമസ്റ്ററിന് പരമാവധി 2000 രൂപ അടയ്ക്കേണ്ടതാണ്. ഇതിൽ 100 രൂപ സർവകലാശാല ഫണ്ടിൽ (KUF) അടയ്ക്കേണ്ടതാണ്. ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള നിശ്ചിത അപേക്ഷ ഫോറം പ്രിൻസിപ്പാളിന്റെ അനുമതിയോടുകൂടി 2019 ജനുവരി 11 നകം സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോമും വിശദവിവരങ്ങളും വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2019 ജനുവരി 7 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.വി.എ (ആർട്ട് ഹിസ്റ്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴ കൂടാതെ ഡിസംബർ 17 വരെയും 50 രൂപ പിഴയോടെ ഡിസംബർ 19 വരെയും 125 രൂപ പിഴയോടെ ഡിസംബർ 21 വരെയും അപേക്ഷിക്കാം.

## ദേശീയ ശില്പശാല

സർവകലാശാല മലയാള വിഭാഗം 2018 ഡിസംബർ 15 മുതൽ 22 വരെ രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണി വരെ മലയാളം കമ്പ്യൂട്ടിംഗ് ശില്പശാല സംഘടിപ്പിക്കുന്നു. ഇൻസ്ക്രിപ്റ്റ് റൈറ്റിംഗ്, വിക്കിപീഡിയ, ടെക് പരിശീലനം എന്നിവയാണ് ശില്പശാലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പങ്കെടുക്കാൻ താല്പര്യമുള്ളവർ മലയാള വിഭാഗത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 9495672559.

തിരുവനന്തപുരം.
12.12.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098